19441
21/12/16

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വാച്ചർ തസ്തികയിൽ 32 വർഷത്തിലേറെ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. കെ.ബാലസുബ്രമണ്യനെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

**G.O.(Ms)No. 43/2016/F&WLD** തിരുവനന്തപുരം,
തീയതി:,28/11/2016

---

പരാമർശം:- 1. 14.05.2015-ലെ സ.ഉ (എം.എസ്)നം.29/2015/വനം നമ്പർ ഉത്തരവ്.

2. 28/12/2015 ലെ സ.ഉ.(എം.എസ്) നം. 110/2015/വനം നമ്പർ ഉത്തരവ്.

3. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA No. 2301/2015 മേലുള്ള 05.04.2016ലെ വിധിന്യായം.

4. ഭരണവിഭാഗം ഉപമുഖ്യ വനപാലകന്റെ 26.05.2016, 05.07.2016 എന്നീ തീയതികളിലെ ഇ6/4955/16നമ്പർ കത്തുകൾ.

**ഉത്തരവ്**

വനം വകുപ്പിൽ 01.09.2013-ൽ 20 വർഷം തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്നതും 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 234 ജീവനക്കാരുടെ സേവനം വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് പരാമർശം ഒന്നും രണ്ടും ഉത്തരവുകൾ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും ലിസ്റ്റിൽ ഉൾപ്പെടാതെപോയ വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. ഷാജി.പി.തോമസ്സ്, ശ്രീ. കെ.ബാലസുബ്രമണ്യം എന്നിവർ തങ്ങളേയും സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM)2301/2015 ആയി കേസ് ഫയൽ ചെയ്തു. ഇക്കാര്യത്തിൽ പരാതിക്കാരെ നേരിൽ കേട്ട് രണ്ട് മാസത്തിനകം തീർപ്പ് കൽപ്പിക്കുവാൻ അഞ്ചാം എതിർ കക്ഷിയായ വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 3 പ്രകാരം ട്രിബ്യൂണൽ ടി കേസ് തീർപ്പ് കൽപ്പിച്ചു. ടി ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരായ ശ്രീ.ഷാജി.പി.തോമസ്സിനെയും, കെ.ബാലസുബ്രമണ്യനെയും 29.06.2016-ന്

നേരിൽ കേട്ടു.

പരാമർശം 1ലെ സർക്കാർ ഉത്തരവിൽ ഉൾപ്പെടാതെ പോയതും, എന്നാൽ ടി ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടായിരുന്നതുമായ 99 താൽക്കാലിക ജീവനക്കാരെ കൂടി സ്ഥിരപ്പെടുത്തിക്കൊണ്ടു പരാമർശം 2 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൽ തന്റെ പേര് ഉൾപ്പെട്ടിട്ടുള്ളതിനാൽ തന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ശ്രീ.ഷാജി.പി.തോമസ്സ് ഹിയറിംഗ് സമയത്ത് അറിയിച്ചു. 1981 മുതൽ വനം വകുപ്പിൽ താൽക്കാലിക സേവനമനുഷ്ഠിച്ചുവരുന്ന തനിക്ക് 34 വർഷത്തെ സർവ്വീസുണ്ടെന്നും സർക്കാർ നിശ്ചയിച്ച മാനദണ്ഡപ്രകാരം സ്ഥിരപ്പെടുത്തുന്നതിന് തികച്ചും അർഹതയുണ്ടെന്നും ഇപ്പോൾ തന്നെ 53 വയസ്സ് കഴിഞ്ഞതിനാൽ മറ്റൊരു ജോലി ലഭിക്കാൻ സാദ്ധ്യതയില്ലെന്നും ആയതിനാൽ തന്നേയും സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നും ശ്രീ.കെ.ബാലസുബ്രമണ്യൻ ആവശ്യപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.09.2013-ൽ വനം വകുപ്പിൽ തുടർച്ചയായി 20 വർഷം താൽക്കാലിക സർവ്വീസുള്ള 234 ദിവസവേതനക്കാരെയാണ് പരാമർശം ഒന്നിലേയും രണ്ടിലേയും ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1981 മുതൽ വനം വകുപ്പിൽ താൽക്കാലിക സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാലസുബ്രമണ്യന് 01.09.2013-ൽ തുടർച്ചയായി 32 വർഷം സർവ്വീസുണ്ട്. ടിയാന് ഇപ്പോൾ 53 വയസ്സുണ്ട്. ഇനി 3 വർഷത്തെ സർവ്വീസ് കൂടിയേ ടിയാന് ബാക്കിയുള്ളൂ. ആകയാൽ പരാമർശം 1 ലെ ഉത്തരവിൽ ഉൾപ്പെടാൻ തികച്ചും യോഗ്യതയുള്ള ആളാണ് ശ്രീ.ബാലസുബ്രമണ്യൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ, കോട്ടയം, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർക്കയച്ച സ്ഥിരപ്പെടുത്തുന്നതിന് അർഹതയുള്ളവരുടെ ലിസ്റ്റിൽ ഒന്നാം പേരുകാരനായിരുന്നു ശ്രീ. ബാലസുബ്രമണ്യൻ. എന്നാൽ വനം ആസ്ഥാനത്തു നിന്ന് സർക്കാരിലേക്ക് പ്രൊപ്പോസൽ അയച്ചപ്പോൾ ടിയാന്റെ പേര് ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതിനാലാണ് ടിയാൻ ടി ഉത്തരവിൽ ഉൾപ്പെടാതെ പോയത്. ശ്രീ. ബാലസുബ്രമണ്യനേക്കാൾ ജൂനിയറായ പലരേയും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിൽ ഉൾപ്പെടാതെ പോയതും ശ്രീ. ബാലസുബ്രമണ്യനോടൊപ്പം ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതുമായ ശ്രീ.ഷാജി.പി.തോമസിനെ 28.12.2015-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുമ്പോൾ ശ്രീ. കെ.ബാലസുബ്രമണ്യനും തന്റെ താത്കാലിക സേവനം സ്ഥിരപ്പെടുത്തുന്നതിനു അർഹതയുള്ള ആളാണെന്നു സർക്കാറിന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വാച്ചർ തസ്തികയിൽ കഴിഞ്ഞ 34 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. കെ.ബാലസുബ്രമണ്യനെ ടി തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ടും, ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 3 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. വനം വകുപ്പ് മുഖ്യവനപാലകർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതായാണ്.

- ശ്രീ. ബാലസുബ്രമണ്യനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.

- ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**P. MARA PANDIYAN IAS**
**ADDITIONAL CHIEF SECRETARY**

To:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & HoFF,
തിരുവനന്തപുരം
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം), തിരുവനന്തപുരം.
ശ്രീ. കെ.ബാലസുബ്രമണ്യം (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ധനകാര്യ വകുപ്പ് (Agri-A2/136/2016/Fin dated 22.11.2016)
പൊതുഭരണ (എസ്. സി) വകുപ്പ് (ഇനം നം 472, തീയതി 17.11.2016).
വെബ് & ന്യൂ മീഡിയ.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sasi
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 17-11-2016.**

ഫയൽ നം.433/എഫ്1/2016/വനം ഇനം നം: 472

വിഷയം : വനം വന്യജീവി വകുപ്പ് - വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വാച്ചർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. കെ. ബാലസുബ്രമണ്യനെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

## കേരള സർക്കാർ

[illegible]

[illegible]

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | [illegible] |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വാച്ചർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. കെ.ബാലസുബ്രമണ്യനെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 31-10-2016 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ജി. അനിൽ കുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. പി. മാരപാണ്ഡ്യൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08/11/2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. എസ്.എം. വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09/11/2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10/11/2016 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14/11/2016 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വാച്ചർ തസ്തികയിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. കെ.ബാലസുബ്രമണ്യനെ ജോലിയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2) വനം വകുപ്പിൽ ദിവസ വേതനത്തിൽ വാച്ചർ, ഡ്രൈവർ, കംപ്യൂട്ടർ ഓപ്പറേറ്റർ/ഡാറ്റാ എൻട്രി ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളിൽ ധാരാളം പേർ ജോലി ചെയ്യുന്നുണ്ടെന്നും, ഏൽപ്പിച്ച ജോലികൾ അച്ചടക്കത്തോടും, മാതൃകാപരമായും, കൃത്യനിഷ്ഠതയോടും കൂടി ഇവർ നിർവ്വഹിച്ചിട്ടുണ്ടെന്നും, ഈ വൈകിയ വേളയിൽ ഇവർക്ക് മറ്റ് ജോലികൾ ലഭിക്കുന്നതിന് സാദ്ധ്യതയില്ലാത്തതിനാലും , തുടർച്ചയായി 20 വർഷത്തിൽ കൂടുതൽ ജോലിയിൽ തുടരുന്നവരെ മാനുഷിക പരിഗണന നല്കി സ്ഥിരം തസ്തിക സൃഷ്ടിച്ച് നിയമനം നൽകണമെന്നും ഭരണവിഭാഗം അഡീഷണൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുൻ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 13/05/2015 ലെ 6759-ാം നമ്പർ മന്ത്രി സഭാ തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിൽ 01.09.2013-ൽ 20 വർഷം തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വന്നിരുന്നതും 56 വയസ്സ് പൂർത്തിയാക്കാത്തതുമായ 135 ജീവനക്കാരുടെ സേവനം താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് 14.05.2015-ലെ സ.ഉ (എം.എസ്) നം.29/2015/വനം നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

1. താത്ക്കാലിക ജീവനക്കാർ ഇപ്പോൾ അവർ ജോലി നോക്കുന്ന തസ്തിക എന്തു തന്നെയാണെങ്കിലും അവരെ വാച്ചർക്ക് തുല്യമായ

സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് [illegible] 8500-13210

എന്ന ശമ്പള സ്കെയിലിൽ സ്ഥിരപ്പെടുത്തുന്നു.

2. ഇത്തരത്തിൽ നിയമിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തികകൾ അവർ സർവ്വീസിൽ നിന്നും വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.

3. ഉത്തരവു തിയതി മുതൽ മാത്രമേ ഈ ജീവനക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുകയുള്ളൂ.

4. അനുബന്ധമായി ചേർത്തിരിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താത്ക്കാലിക ജീവനക്കാർ വനം വകുപ്പിൽ 01/09/2013-ൽ 20 വർഷത്തിലേറെയായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു എന്നതു സംബന്ധിച്ച ആധികാരിക രേഖകൾ ഭരണവിഭാഗം മുഖ്യവനപാലകൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

3) തുടർന്ന് 14/05/2015 ലെ സ.ഉ.(എം.എസ്) നം. 29/2015/വനം നമ്പർ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും ലിസ്റ്റിൽ ഉൾപ്പെടാതെ പോയ 99 ദിവസ വേതനക്കാരെ കൂടി സ്ഥിരപ്പെടുത്തുന്നതിന് 17/12/2015 ലെ ഇനം-7900 പ്രകാരം മന്ത്രി സഭ തീരുമാനിക്കുകയും 28/12/2015 ലെ സ.ഉ.(എം.എസ്) നം. 110/2015/വനം നമ്പർ ഉത്തരവ് പ്രകാരം 01/09/2013-ൽ 20 വർഷം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്ന 99 പേരെ കൂടി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിരുന്നു.

4) 14/05/2015 ലെ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നിട്ടും ലിസ്റ്റിൽ ഉൾപ്പെടാതെപോയ വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി

പരാതിക്കാരായ സർവ്വശ്രീ.ഷാജി.പി.തോമസ്, കെ.ബാലസുബ്രമണ്യൻ എന്നിവർ തങ്ങളേയും സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM)2301/2015 ആയി കേസ് ഫയൽ ചെയ്തു. ഇക്കാര്യത്തിൽ പരാതിക്കാരെ നേരിൽ കേട്ട് രണ്ട് മാസത്തിനകം തീർപ്പ് കൽപ്പിക്കുവാൻ അഞ്ചാം എതിർ കക്ഷിയായ വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിക്കൊണ്ട് 05.04.2016-ൽ ട്രിബ്യൂണൽ ടി കേസ് തീർപ്പ് കൽപ്പിച്ചു. വിധി നടപ്പിലാക്കുന്നതിനുള്ള സമയപരിധി 20/06/2016-ൽ അവസാനിച്ചതിനെ തുടർന്ന് 3 മാസത്തെ സമയം കൂടി അനുവദിക്കുന്നതിന് അപേക്ഷിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ട്രിബ്യൂണൽ 08/09/2016 വരെ മാത്രമേ സമയം അനുവദിച്ച് നൽകിയുള്ളൂ. തുടർന്ന് 2 മാസത്തേ സാവകാശം കൂടി ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കുന്നതിനുള്ള സമയപരിധി 07/11/2016-ന് അവസാനിക്കുന്നതാണ്.

5) ബഹുമാനപ്പെട്ട ട്രിബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരായ ശ്രീ.ഷാജി.പി.തോമസ്സിനെയും, കെ.ബാലസുബ്രമണ്യനെയും 29.06.2016-ന് നേരിൽ കേട്ടു. 14.05.2015-ലെ സ.ഉ(എം.എസ്) നം.29/2015/വനം നമ്പർ സർക്കാർ ഉത്തരവിൽ ഉൾപ്പെടാതെ പോയതും എന്നാൽ ടി ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്നതിന് അർഹതയുണ്ടായിരുന്നതുമായ 99 താൽക്കാലിക ജീവനക്കാരെ കൂടി സ്ഥിരപ്പെടുത്തിക്കൊണ്ട് 28.12.2015-ൽ സർക്കാർ പുറപ്പെടുവിച്ച സ.ഉ(എം.എസ്) നം.110/2015/വനം നമ്പർ ഉത്തരവിൽ തന്റെ പേര് ഉൾപ്പെട്ടിട്ടുള്ളതിനാൽ തന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ശ്രീ.ഷാജി.പി.തോമസ്സ് ഹിയറിംഗ് സമയത്ത് അറിയിച്ചു. 1981 മുതൽ വനം വകുപ്പിൽ താൽക്കാലിക സേവനമനുഷ്ഠിച്ചുവരുന്ന തനിക്ക് 34 വർഷത്തെ സർവ്വീസുണ്ടെന്നും സർക്കാർ നിശ്ചയിച്ച മാനദണ്ഡപ്രകാരം

ലഭിക്കുന്നതിന് തികച്ചും അർഹതയുണ്ടെന്നും ഇപ്പോൾ തനിക്ക് 53 വയസ്സ് കഴിഞ്ഞതിനാൽ മറ്റൊരു ജോലി ലഭിക്കാൻ സാധ്യതയില്ലെന്നും ആയതിനാൽ തന്നേയും സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്നും ശ്രീ.കെ.ബാലസുബ്രമണ്യൻ ആവശ്യപ്പെട്ടു.

ഇക്കാര്യത്തിൽ ധനവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപറയുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

*"Attention of the Administrative Department is invited to the remarks offered vide No.8405/AW-AZ/2016/Fin on 12/02/2016 in AD File No.410855/F1/2016/F&WLD"*

6) 410855/F1/2016/F&WLD നമ്പർ ഫയലിൽ ധനകാര്യവകുപ്പ് നൽകിയ അഭിപ്രായം ചുവടെ പറയും പ്രകാരമാണ്.

*"Attention of Administrative Department is invited to the note No.2661/Expr-A1/2015/Fin Dated, 16/01/2016 and 04/02/2016 of ACS (Fin) circulated to all ACS/Secretaries to Government. It is informed that earlier, daily waged workers of various categories such as Watchers etc. were regularized with the approval of Council of Ministers in two batches of 135 and 99, by overruling the opinion of Finance Department. The decision was seen and returned by Finance Department as per business rules.*

*However when the opinion of the Law Secretary was sought, he has pointed out quoting the judgment of Hon'ble Supreme Court of India dated: 10/04/2006 in Appeal (Civil)3595-3612 of 1999 in the case of State of Karnataka Vs. Umadevi & Others, that no regulation or making permanent of daily wagers/ temporary/contract employees*

*can be done on or after 09/10/2006. He further pointed out that the Hon'ble Court emphasized that when the rules framed under Article 309 of the Constitution of India are in force, no regularization is permissible in exercise of the executive powers of the government under Article 162 of the Constitution, in contravention of the rules.*

*Further, based on the above mentioned opinion of the Law Secretary, the ACS (Finance) has circulated two separate notes, along with the opinion of Law Secretary, to all the Secretaries of Government Departments. Accordingly, no more regularizations/making permanent of daily wagers/temporary/contract employees can be done, and further, all the cases of regularization that were done on or after 09/10/2006 should be subjected to review with the permission of Hon'ble Apex Court.*

*In the circumstances, the current proposal in this file cannot be agreed to and further, the earlier regularizations of 135+99 daily wagers need also to be reviewed based on the decision of Hon'ble Supreme Court of India, which, otherwise, will amount of violation of the directions of Hon'ble Court leading to contempt as well as break down of the Constitutional machinery".*

7) State of Karnataka v/s Umadevi കേസിലെ [Appeal (civil) 3595-3612/1999] ബഹു. സുപ്രീം കോടതിയുടെ 10.04.2006-ലെ ഉത്തരവ് പ്രകാരം 09.10.2006-ന് ശേഷം ദിവസ-വേതന/താൽക്കാലിക/കരാർ നിയമനങ്ങൾ യാതൊരുവിധത്തിലും സ്ഥിരപ്പെടുത്താൻ

പാലിക്കേണ്ടതാണെന്നും ആയതിനാൽ 09.10.2006-ന് ശേഷമുള്ള എല്ലാ സ്ഥിരപ്പെടുത്തലുകളും പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്നും അല്ലാത്തപക്ഷം കോടതിയലക്ഷ്യത്തിലേക്ക് നയിക്കാമെന്നുമാണ് ധനകാര്യവകുപ്പ് അറിയിച്ചിരിക്കുന്നത്. എന്നാൽ ടി കോടതി ഉത്തരവ് നിലനിൽക്കെത്തന്നെയാണ് 14.05.2015-ലെയും 28.12.2015-ലെയും ഉത്തരവുകൾ പ്രകാരം വനം വകുപ്പിൽ 234 പേരെ സ്ഥിരപ്പെടുത്തിയിട്ടുള്ളത്.

8) 01.09.2013-ൽ വനം വകുപ്പിൽ തുടർച്ചയായി 20 വർഷം താൽക്കാലിക സർവ്വീസുള്ള 234 ദിവസവേതനക്കാരെയാണ് 14.05.2015-ലെ സ.ഉ(എം.എസ്) 29/2015/വനം, 28.12.2015-ലെ സ.ഉ(എം.എസ്) 110/2015/വനം ഉത്തരവുകൾ പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1981 മുതൽ വനം വകുപ്പിൽ താൽക്കാലിക സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ. ബാലസുബ്രമണ്യന് 01.09.2013-ൽ തുടർച്ചയായി 32 വർഷം സർവ്വീസുണ്ട്. ടിയാന് ഇപ്പോൾ 53 വയസ്സുണ്ട്. ഇനി 3 വർഷത്തെ സർവ്വീസ് കൂടിയേ ടിയാന് ബാക്കിയുള്ളൂ. ആകയാൽ 15.05.2015-ലെ സ.ഉ(എം.എസ്) 29/2015/വനം. ഉത്തരവിൽ ഉൾപ്പെടാൻ തികച്ചും യോഗ്യതയുള്ള ആളാണ് ശ്രീ.ബാലസുബ്രമണ്യൻ. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ, കോട്ടയം, ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർക്കയച്ച സ്ഥിരപ്പെടുത്തുന്നതിന് അർഹതയുള്ളവരുടെ ലിസ്റ്റിൽ ഒന്നാം പേരുകാരനായിരുന്നു ശ്രീ. ബാലസുബ്രമണ്യൻ. എന്നാൽ വനം ആസ്ഥാനത്തു നിന്ന് സർക്കാരിലേക്ക് പ്രൊപ്പോസൽ അയച്ചപ്പോഴുണ്ടായ വീഴ്ച കാരണമാണ് ടിയാൻ ടി ഉത്തരവിൽ ഉൾപ്പെടാതെ പോയത്. ശ്രീ. ബാലസുബ്രമണ്യനേക്കാൾ ജൂനിയറായ പലരേയും സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിൽ ഉൾപ്പെടാതെ പോയതും ശ്രീ. ബാലസുബ്രമണ്യനോടൊപ്പം ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതുമായ ശ്രീ.ഷാജി.പി.തോമസിനെ 28.12.2015-ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ

സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവിൽ ശ്രീ ബാലസുബ്രമണ്യനെ ഉൾപ്പെടുത്താതിരുന്നത് തികച്ചും നീതി നിഷേധമാണ്.

9) ഈ വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

ധനകാര്യവകുപ്പിന്റെ നയപരമായ എതിർപ്പിനെ മറികടന്ന് കൊണ്ട് വനം വകുപ്പിൽ പെരിയാർ ഈസ്റ്റ് ഡിവിഷനിൽ വാച്ചർ തസ്തികയിൽ കഴിഞ്ഞ 34 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ശ്രീ. കെ.ബാലസുബ്രമണ്യനെ ടി തസ്തികയിൽ 8500-13210 ശമ്പള സ്കെയിലിൽ താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്താമോ?

(i) ശ്രീ. ബാലസുബ്രമണ്യനുവേണ്ടി സൃഷ്ടിക്കപ്പെടുന്ന സൂപ്പർ ന്യൂമററി തസ്തിക ടിയാൻ വിരമിക്കുന്നതോടെ നിർത്തലാക്കപ്പെടുന്നതാണ്.

(ii) ഉത്തരവ് തിയതി മുതൽക്ക് മാത്രമേ ടിയാന് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.